**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5569** **03-11-2021 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നടപ്പുവർഷത്തെ നെല്ല് സംഭരണം ഊർജിതമാക്കുന്നതിന് നെല്ല് സംഭരണത്തിൽ വലിയ പ്രാതിനിധ്യമുള്ള പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 54 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ കർഷക രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്. പാടശേഖരത്തിലെ കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മിൽ അനുവദിക്കുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ സംഭരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. സംഭരണം കാര്യക്ഷമമാക്കാൻ ആവശ്യമായ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെയും പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം സംഭരണ വില കർഷകർക്ക് താമസംവിനാ ലഭ്യമാക്കുന്നതിനായി പി.ആർ.എസ് വായ്പാ പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കൃത്യസമയത്ത് നെല്ല് സംഭരണം നടത്താത്തതിനാൽ കർഷകർ നിരവധി പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. മുൻസീസണുകളിൽ മില്ലുകാരുമായി കരാറിൽ ഏർപ്പെടുന്നതിലെ തർക്കംമൂലം സംഭരണം വൈകുകയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുകയും ചെയ്തിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് നിലവിൽ സംഭരണം നടക്കുന്ന 2021-22 സീസണിൽ മില്ലുകാരുമായി സമയബന്ധിതമായി തന്നെ കരാറിൽ ഏർപ്പെടുകയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാതെ |

| | | | |
|---|---|---|---|
| | | | കൃത്യസമയത്തുതന്നെ നെല്ല് സംഭരണം നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിന് ജില്ലാതലത്തിൽ സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സപ്ലൈകോയുടെ നിയന്ത്രണത്തിൽ നെല്ല് സംഭരണം കാര്യക്ഷമമായി നടന്നുവരുന്നതിനാൽ, സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ